# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 168 | 05-12-2018-ൽ മറുപടിക്ക്

### കൊച്ചി സ്മാർട്ട് സിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ്<br>,, എം. സ്വരാജ്<br>,, യു. ആർ. പ്രദീപ്<br>,, കാരാട്ട് റസാഖ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഡിജിറ്റൽ സാങ്കേതികവിദ്യ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തി വരുന്ന ഇടപെടലുകളുടെ ഫലമായി ആകർഷിക്കാൻ സാധ്യമായ നിക്ഷേപവും സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലും സംബന്ധിച്ചുള്ള വിശദാംശം അറിയിക്കാമോ; | എ) | ഡിജിറ്റൽ സാങ്കേതികവിദ്യ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ ഫലമായി സംസ്ഥാന സർക്കാരിന് ഗവൺമെന്റ് ഐ.ടി പാർക്കുകളിലെ വിവിധ പദ്ധതികളിലെ 764 കമ്പനികളിലൂടെ, പാർക്കുകൾ നേരിട്ടും കമ്പനികൾ വഴിയും ഏകദേശം 7502 കോടി രൂപയുടെ നിക്ഷേപവും, ഏകദേശം 93350 നേരിട്ടുള്ള തൊഴിലവസരവും ലഭ്യമായിട്ടുണ്ട്. |

**നിലവിലുള്ള നേരിട്ടുള്ള തൊഴിലവസരങ്ങളും നിക്ഷേപങ്ങളും:**

| ഐ.ടി പാർക്കുകൾ | കമ്പനികൾ | നിക്ഷേപങ്ങൾ (ഏകദേശം) | തൊഴിലവസരങ്ങൾ (ഏകദേശം) |
|---|---|---|---|
| ടെക്നോ പാർക്ക് | 400 | 5000 Cr | 58,000 |
| ഇൻഫോ പാർക്ക് | 350 | 2500 Cr | 35000 |
| സൈബർ പാർക്ക് | 14 | 2 Cr | 350 |

<table>
<tr><td></td><td></td><td></td><td>നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രതീക്ഷിക്കുന്ന നേരിട്ടുള്ള തൊഴിലവസരങ്ങളും നിക്ഷേപങ്ങളും:<br><table>
<tr><th>ഐ.ടി പാർക്കുകൾ</th><th>കമ്പനികൾ</th><th>നിക്ഷേപങ്ങൾ (ഏകദേശം)</th><th>തൊഴിലവസരങ്ങൾ (ഏകദേശം)</th></tr>
<tr><td>ടെക്നോ പാർക്ക്</td><td>13</td><td>4000 Cr</td><td>50,000</td></tr>
<tr><td>ഇൻഫോ പാർക്ക്</td><td>6</td><td>840 Cr</td><td>23000</td></tr>
<tr><td>സൈബർ പാർക്ക്</td><td>33</td><td>8 Cr</td><td>600</td></tr>
</table><br>കൊച്ചി സ്മാർട്ട് സിറ്റിയുടെ പൂർത്തീകരിച്ച 6.5 ലക്ഷം ച.അടി ഐ.ടി കെട്ടിടത്തിൽ ഏകദേശം 3000-ത്തിൽപ്പരം ജീവനക്കാർ 35-ൽ പരം ഐ.ടി കമ്പനികളിലായി പ്രവർത്തിക്കുന്നുണ്ട്.</td></tr>
<tr><td>ബി)</td><td>മുൻ സർക്കാർ വിദേശ സ്വകാര്യ കമ്പനിക്ക് ദാനമായി നൽകാൻ ശ്രമിച്ച ഇൻഫോ പാർക്കിൽ സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലെത്രയെന്ന് അറിയിക്കാമോ; കൊച്ചി സ്മാർട്ട് സിറ്റി നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;</td><td>ബി)</td><td>മുൻ സർക്കാർ വിദേശ സ്വകാര്യ കമ്പനിക്ക് ദാനമായി നൽകാൻ ശ്രമിച്ച ഇൻഫോ പാർക്ക് എന്ന വിഷയത്തെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. ഇൻഫോപാർക്കിൽ നാളിതുവരെ 35000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br>ഏകദേശം 55 ലക്ഷത്തോളം ച.അടി വിസ്തീർണ്ണമുള്ള രണ്ടാം ഘട്ടം നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കോ-ഡെവലപ്പേഴ്സിന്റെ ഐ.ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2021-ഓടു കൂടി പ്രവർത്തന ക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്മാർട്ട് സിറ്റി പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള 7 കി.മീ 4 വരി പാത, ഡ്രെയിനേജ് സിസ്റ്റം, യൂട്ടിലിറ്റി ട്രെൻഞ്ചുകൾ, സബ് സ്റ്റേഷനുകൾ, പാലം, ജല സംഭരണി മുതലായവ പൂർത്തികരിച്ചിട്ടുണ്ട്.<br>സ്മാർട്ട് സിറ്റി ടൗൺഷിപ്പിന്റെ ഭാഗമായ വിദ്യാഭ്യാസ മന്ദിരത്തിന്റെ ഫെയിസ് 1 നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് അന്തരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഐ.ടി.മേഖലയിൽ രണ്ടരലക്ഷം തൊഴിൽ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; ഹൈപവർ ഐ.ടി.കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ? | സി) | ഡിജിറ്റൽ സാങ്കേതികവിദ്യാ സമൂഹ പുരോഗതിക്ക് എന്ന ലക്ഷ്യത്തോടെ കൂടുതൽ വ്യവസായ സംരംഭങ്ങൾക്കായി ലോകോത്തര നിലവാരത്തിലുള്ള കൂടുതൽ പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ നേരിട്ടും കോ-ഡെവലപ്പർ മുഖേനയും ഏകദേശം 120 ലക്ഷം ച.അടി. അടിസ്ഥാന സൗകര്യങ്ങൾ (ടെക്നോപാർക്ക് 97 ലക്ഷം ച.അടി, ഇൻഫോപാർക്ക് 20 ലക്ഷം ച.അടി സൈബർപാർക്ക് 3 ലക്ഷം ച.അടി) ഇതിനോടകം സൃഷ്ടിക്കുകയും 91.5 ലക്ഷം ച.അടി (ടെക്നോപാർക്ക് 62 ലക്ഷം ച.അടി, ഇൻഫോപാർക്ക് 29 ലക്ഷം ച.അടി സൈബർപാർക്ക് 50000 ച.അടി) നിർമ്മാണ പ്രവർത്തനങ്ങൾ പാർക്കുകളുടെ വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികളിലായി പ്രതീക്ഷിക്കുകയും ചെയ്യുന്നു.<br>ലോകോത്തര ഐ.ടി സംരംഭങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനു വേണ്ടി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ ആദ്യത്തെ ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും അതുമായി ബന്ധപ്പെട്ടുള്ള ഗ്ലോബൽ കണക്ട് മീറ്റിംഗുകളും വഴി പുതിയതായി വ്യവസായം ആരംഭിക്കുവാനായി ദേശീയവും അന്തർദേശീയവുമായ കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.<br>അന്താരാഷ്ട്ര കമ്പനികളും ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സംയുക്തമായുള്ള പ്രവർത്തനങ്ങൾ, എയർബസ്സ്, സിസ്കോ, ഗൂഗിൾ തുടങ്ങിയ കമ്പനികളുടെ വിവിധ നൈപുണ്യ വികസന പരിപാടികൾ, സ്റ്റാർട്ട് അപ്പ്/ ഐ.ടി മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ വഴി നൂതന സാങ്കേതിക വിദ്യകൾ ആസ്പദമാക്കി പ്രവർത്തിക്കാൻ താൽപര്യപ്പെടുന്ന ഐ.ടി സംരംഭങ്ങൾക്ക് അനുയോജ്യമായ മാനവശേഷി റിസ്സോഴ്സസ് ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**